**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 211** **18-03-2022 - ൽ മറുപടിയ്ക്ക്**

**പൈപ്പ് പൊട്ടൽ മൂലമുള്ള ജലനഷ്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ എം വിൻസെൻറ് | | null<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കുടിവെള്ള പൈപ്പ് പൊട്ടി റോഡിലൂടെ വെള്ളം ഒഴുകിപ്പോകുന്ന സംഭവങ്ങൾ കൂടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് കുടിവെള്ള പൈപ്പ് പൊട്ടി റോഡിലൂടെ വെള്ളം ഒഴുകി പോകുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കൂടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | പൈപ്പുകൾ പൊട്ടുന്ന സാഹചര്യത്തിൽ റോഡുകൾ വെട്ടിപ്പൊളിക്കുന്നതും വെട്ടിപ്പൊളിക്കുന്ന റോഡുകളുടെ അറ്റകുറ്റപ്പണി സമയബന്ധിതമായി തീർക്കാത്തതും മൂലം പൊതുജനങ്ങൾക്ക് ഗതാഗത പ്രശ്നമുണ്ടാകുന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ? | (ബി) | ഉണ്ട്. പൈപ്പുകൾ പൊട്ടുന്ന സാഹചര്യത്തിൽ റോഡുകൾ വെട്ടിപ്പൊളിക്കേണ്ടി വന്നാൽ പൊതുജനങ്ങൾക്ക് ഗതാഗത പ്രശ്നം ഉണ്ടാകാതെ കരുതൽ നടപടികൾ സ്വീകരിക്കുകയും ബന്ധപ്പെട്ട വകുപ്പുകളുടെ അനുവാദത്തോടുകൂടി റോഡ് മുറിച്ച് ലീക്ക് തീർക്കുകയും, വെട്ടിപ്പൊളിച്ച ഭാഗം താൽക്കാലികമായി കോൺക്രീറ്റ്/ജി.എസ്.ബി. എന്നിവ ചെയ്ത് സഞ്ചാരയോഗ്യമാക്കുകയും ചെയ്യാറുണ്ട്. റോഡുകൾ അശാസ്ത്രീയമായി വെട്ടിപ്പൊളിക്കുന്നത് ഒഴിവാക്കി ആസ്ഫാൾട്ട് കട്ടർ പോലെയുള്ള യന്ത്രങ്ങൾ ഉപയോഗിച്ച് ടാർ കട്ട് ചെയ്യുകയും യഥാസമയം കോൺക്രീറ്റ് ചെയ്ത് സഞ്ചാരയോഗ്യമാക്കുകയും ചെയ്യാൻ നിർദ്ദേശങ്ങൾ നല്കി നടപ്പിലാക്കി വരുന്നു. പി.ഡബ്ല്യു.ഡി, NHAIതുടങ്ങി മറ്റ് ഏജൻസികളുടെ അധീനതയിലുള്ള റോഡുകളിൽ അത്തരം ഏജൻസികളുടെ അനുമതി ലഭിക്കുന്നതിനുള്ള കാലതാമസം മൂലം അറ്റകുറ്റപ്പണികൾ സമയബന്ധിതമായി തീർക്കുവാൻ സാധിക്കാതെ വരാറുണ്ട്. ഈ നടപടിക്രമത്തിൽ സ്വാഭാവികമായി വന്നിരുന്ന കാലതാമസം ഒഴിവാക്കാൻ വേണ്ടി GO(MS) No. 8/2022/PWD dated 24/02/2022 എന്ന പുതിയ ഗവൺമെന്റ് ഉത്തരവ് പ്രകാരം പൈപ്പുകൾ പൊട്ടുന്നതു മൂലം തകരാറിലാകുന്ന റോഡുകൾ അറ്റകുറ്റപ്പണി ചെയ്യുന്നതിന് വാട്ടർ അതോറിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. KRWSA നടപ്പിലാക്കുന്ന |

| | | | |
|---|---|---|---|
| | | | പദ്ധതികളുടെയും അവയുടെ സ്രോതസ്സുകളുടെയും തുടർസംരക്ഷണവും പരിപാലനവും ഗുണഭോക്തൃസമിതികളിൽ നിക്ഷിപ്തമായതിനാൽ ടി പദ്ധതിയിലുണ്ടാകുന്ന പൈപ്പ് പൊട്ടലും മറ്റ് അറ്റകുറ്റപ്പണികളും അതാത് ഗുണഭോക്തൃസമിതികൾ തന്നെ ശ്രദ്ധയിൽപെട്ടാൽ ഉടൻ ചെയ്തുതീർക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ